**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1004** **07-12-2022 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ വനാതിർത്തികളിലെ ട്രഞ്ച്, ഫെൻസിംഗ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2022-23 വർഷത്തെ സംസ്ഥാന ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II (ഭരണാനുമതിയില്ലാത്ത മരാമത്തു പണികൾ)-ൽ പേജ് നമ്പർ ആറ്, ക്രമ നമ്പർ നൂറ്റിപതിനെട്ട് ആയി നിലമ്പൂർ നിയോജക മണ്ഡലത്തിലെ വനാതിർത്തികളിൽ കരിങ്കല്ലുപയോഗിച്ചുള്ള ട്രഞ്ച് നിർമ്മാണം, റെയിൽ ഫെൻസിംഗ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ വനം വകുപ്പിന് കീഴിൽ നിർവ്വഹിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടോ; | (എ) | 2022-23 വർഷത്തെ സംസ്ഥാന ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II (ഭരണാനുമതിയില്ലാത്ത മരാമത്തു പണികൾ)-ൽ പേജ് നമ്പർ ആറ്, ക്രമ നമ്പർ നൂറ്റിപതിനെട്ട് ആയി നിലമ്പൂർ നിയോജക മണ്ഡലത്തിലെ വനാതിർത്തികളിൽ കരിങ്കല്ലുപയോഗിച്ചുള്ള ട്രഞ്ച് നിർമ്മാണം, റെയിൽ ഫെൻസിംഗ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പ്രതിപാദിക്കുന്നുണ്ടെങ്കിലും 2022-23-ലെ അംഗീകരിച്ച ആനുവൽ പ്ലാൻ ഓഫ് ഓപ്പറേഷൻ പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് വനം വകുപ്പിന്റെ ശീർഷകങ്ങളിൽ തുക വകയിരുത്തിയിട്ടില്ല. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് അടങ്കൽ തുകയായി 1000 ലക്ഷം (പത്ത് കോടി) രൂപയും ടി തുകയുടെ ഇരുപത് ശതമാനമായ രണ്ട് കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ടോ; | (ബി) | 2022-23 വർഷത്തെ സംസ്ഥാന ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II (ഭരണാനുമതിയില്ലാത്ത മരാമത്തു പണികൾ)-ൽ പേജ് നമ്പർ ആറ്, ക്രമ നമ്പർ നൂറ്റിപതിനെട്ട് ആയി നിലമ്പൂർ നിയോജക മണ്ഡലത്തിലെ വനാതിർത്തികളിൽ കരിങ്കല്ലുപയോഗിച്ചുള്ള ട്രഞ്ച് നിർമ്മാണം, റെയിൽ ഫെൻസിംഗ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പ്രതിപാദിക്കുന്നുണ്ടെങ്കിലും 2022-23-ലെ അംഗീകരിച്ച ആനുവൽ പ്ലാൻ ഓഫ് ഓപ്പറേഷൻ പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് വനം വകുപ്പിന്റെ ശീർഷകങ്ങളിൽ തുക വകയിരുത്തിയിട്ടില്ല. |
| (സി) | മേൽ ബജറ്റ് അനുബന്ധങ്ങളിൽ ഇക്കാര്യമുള്ള വിവരം വനം വകുപ്പ് ഹെഡ് ക്വാർട്ടേഴ്സിൽ നിന്നോ വനം വകുപ്പിൽ നിന്നോ നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | മേൽ ബഡ്ജറ്റ് അനുബന്ധം II വോള്യം II-ൽ വനം വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ വിവരങ്ങൾ എല്ലാ വനം സർക്കിൾ ഓഫീസുകളെയും 19.04.2022-ൽ ഇ-മെയിൽ മുഖേന വനം വകുപ്പ് ആസ്ഥാനത്തു നിന്നും അറിയിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| | | | |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാന ബജറ്റ് അനുബന്ധങ്ങളിൽ ഭരണാനുമതിയില്ലാത്ത മരാമത്തുപണികളുടെ വാല്യങ്ങളിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ വനം വകുപ്പിന് കീഴിലുള്ള പ്രവൃത്തികൾ ഭരണാനുമതിക്കായി ധനകാര്യ വകുപ്പിലേക്ക് സമർപ്പിക്കേണ്ടതും ഭരണാനുമതി നൽകേണ്ടതും വനം വകുപ്പല്ലേ; അറിയിക്കുമോ; ഇതിനായുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ; | (ഡി) | സംസ്ഥാന ബജറ്റ് അനുബന്ധങ്ങളിൽ ഭരണാനുമതിയില്ലാത്ത മരാമത്തുപണികളുടെ വാല്യങ്ങളിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ വനം വകുപ്പിന് കീഴിലുള്ള പ്രവൃത്തികൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നും വിശദമായ അടങ്കൽ തയ്യാറാക്കി വനംവകുപ്പ് ആസ്ഥാനത്ത് നിന്നും ഭരണാനുമതിക്കും തുക അനുവദിക്കുന്നതിലേക്കുമായി സർക്കാരിലേക്ക് സമർപ്പിക്കുകയാണ് ചെയ്യുന്നത്. |
| (ഇ) | മേൽ പ്രവൃത്തിയ്ക്കാവശ്യമായ അടങ്കൽ തുക ഏത് ശീർഷകത്തിൽ നിന്നുമാണ് ധനകാര്യ വകുപ്പ് ലഭ്യമാക്കുക എന്നറിയിക്കുമോ; ഈ ശീർഷകം പദ്ധതി വിഹിതവുമായി (പ്ലാൻ ഫണ്ട്) ബന്ധപ്പെട്ടുള്ളതാണോ എന്നുമറിയിക്കുമോ; വിശദമാക്കുമോ; | (ഇ) | മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് MRMAC 2406- 01-800-56(P)" എന്ന ബഡ്ജറ്റ് ശീർഷകത്തിലാണ് സാധാരണയായി തുക വകയിരുത്തുന്നത്. |
| (എഫ്) | മേൽ പ്രവൃത്തിക്ക് നടപ്പ് സാമ്പത്തിക വർഷം തന്നെ ഭരണാനുമതി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ച് നിലമ്പൂർ എം.എൽ.എ. 21.11.2022 തീയതി നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് ഡി.എഫ്.ഒ. മാർക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; 2023 മാർച്ച് 31-നകം ടി പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കാനായില്ലെങ്കിൽ പ്രസ്തുത ഫണ്ട് ലാപ്സാവുന്നതാണോയെന്നും അറിയിക്കുമോ; | (എഫ്) | മേൽ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള ബഹു. നിലമ്പൂർ എം.എൽ.എ ശ്രീ. പി. വി. അൻവർ സമർപ്പിച്ച കത്ത് 21.11.2022 _ന് നിലമ്പൂർ സൗത്ത് ഡിവിഷനിലും 22.11.2022 -ന് നിലമ്പൂർ നോർത്ത് ഡിവിഷനിലും ലഭിച്ചിട്ടുണ്ട്. ആയത് പ്രകാരം അനുയോജ്യവും മുൻഗണനയുള്ളതുമായ പ്രദേശങ്ങൾ കണ്ടെത്തി അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാന ബജറ്റ് അനുബന്ധങ്ങളിൽ ഭരണാനുമതിയില്ലാത്ത മരാമത്തുപണികളുടെ വാല്യങ്ങളിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ പ്രവൃത്തികൾക്ക് 2023 മാർച്ച് 31 -നകം ഭരണാനുമതി ലഭ്യമാക്കാനായില്ലെങ്കിൽ ഫണ്ട് ലാപ്സാകുമോ എന്ന കാര്യം ധനകാര്യ വകുപ്പിന്റെ ഉത്തരവുകൾക്ക് വിധേയമായിരിക്കും. |
| (ജി) | ഇതേ അടങ്കൽ തുകയ്ക്ക് സമാനമായ മറ്റൊരു പ്രവൃത്തി 2019-20 വർഷത്തിൽ ഇരുപത് ശതമാനം തുക വകയിരുത്തിയിട്ടും വനം വകുപ്പ് സമയബന്ധിതമായി ഭരണാനുമതി നൽകാതിരുന്നതിനാൽ പത്ത് കോടി രൂപ ലാപ്സായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിഗണിച്ച് നടപ്പുവർഷത്തെ പ്രവൃത്തിക്ക് അടിയന്തിരമായി ഭരണാനുമതി ലഭ്യമാക്കുമോ? | (ജി) | 2019-20 വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽ നിലമ്പൂർ സൗത്ത് ഡിവിഷനിലേയ്ക്ക് വകയിരുത്തിയിരുന്ന ഒരു പ്രവൃത്തിക്കുള്ള അലോട്ട്മെന്റ് ലഭ്യമാകാത്ത സാഹചര്യം ഉണ്ടാകുകയും ആയത് KIIFB Phase _ II ഉൾപ്പെടുത്തി അടങ്കൽ പാസാക്കുകയും ടെണ്ടർ നടപടി പൂർത്തിയാക്കി KIIFBടെക്നിക്കൽ കമ്മിറ്റിക്ക് അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ 17.06.2022 തീയതിയിലെ എസ്.എഫ്.ഡി.എ സബ് —കമ്മിറ്റി യോഗ തീരുമാന പ്രകാരം ടി പദ്ധതി ഗുണകരമാകില്ല എന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | ഒഴിവാക്കുകയാണ് ഉണ്ടായിട്ടുള്ളത്. നടപ്പ സാമ്പത്തിക വർഷത്തിൽ ടി പ്രവൃത്തികൾക്ക് അനുയോജ്യവും മുൻഗണനയുള്ളതുമായ പ്രദേശങ്ങൾ കണ്ടെത്തി അനുയോജ്യമായ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം



Gmail

PCCF P&D <apccfd@gmail.com>

## WOrks budget 2022-23

1 message

**PCCF P&D** <apccfd@gmail.com> Tue, Apr 19, 2022 at 7:11 PM

To: "apccf-admin.for" <apccf-admin.for@kerala.gov.in>, apccf-sf.for@kerala.gov.in, pccfsf@gmail.com, APCCF ETW <apccf-ed.for@kerala.gov.in>, apccfetw@gmail.com, "CCF (Information Technology)" <ccf-it.for@kerala.gov.in>, "apccf-fmis.for" <apccf-fmis.for@kerala.gov.in>, ccf-wp.for@kerala.gov.in, "cww.for" <cww.for@kerala.gov.in>, "cf-abp.for" <cf-abp.for@kerala.gov.in>, specialofficertz.for@kerala.gov.in, pccf-vig.for@kerala.gov.in, "apccf-vig.for" <apccf-vig.for@kerala.gov.in>, dd-stat.for@kerala.gov.in, "CF (HRD)" <apccf-ihrd.for@kerala.gov.in>, apccfihrd@gmail.com, "ccf-sc.for" <ccf-sc.for@kerala.gov.in>, CCFHRC <ccf-hrc.for@kerala.gov.in>, CCFCC <ccf-cc.for@kerala.gov.in>, "ccf-ec.for" <ccf-ec.for@kerala.gov.in>, "cf-fdpt.for" <cf-fdpt.for@kerala.gov.in>, fdptktym <fdptktym@gmail.com>, "ccf-wl-nr.for" <ccf-wl-nr.for@kerala.gov.in>, ccfwlnrpkd <ccfwlnrpkd@gmail.com>, CF SF EKM <cfsfekm@gmail.com>, cfsfkkd@gmail.com, "APCCF(Forest, Land & Resources)" <apccf-nr.for@kerala.gov.in>, Vazhuthacaud <estoff-fhq.for@kerala.gov.in>, "CCF (Northern Circle), Kannur" <ccf-nc.for@kerala.gov.in>, "CF (I&E), Kozhikode" <cf-ie-nr.for@kerala.gov.in>, "CF (I&E), Kottayam" <cf-ie-sr.for@kerala.gov.in>, "Conservator of Forests Social Forestry, Kollam." <cfsfkollam@gmail.com>

**11-Works Budget 2022-23 Volume 1.pdf**

**12-Works Budget 2022-23 Volume 2.pdf**
3777K